8727

പി.ആർ. 59638/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
08-08-2017

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം-വിദ്യാരംഗം കലാസാഹിത്യവേദി-ചലച്ചിത്ര അക്കാദമി-ടൂറിംഗ് ടാക്കീസ് പരിപാടി സംബന്ധിച്ച്.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനും കുട്ടികളിൽ നല്ല സിനിമയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി ടൂറിംഗ് ടാക്കീസ് പരിപാടി വഴി സിനിമകൾ പ്രദർശിപ്പിച്ചുവരുന്നു. വിദ്യാരംഗം കലാസാഹിത്യവേദിയുമായി ചേർന്ന് പ്രസ്തുത പരിപാടി വിപുലപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിനായി എല്ലാ സ്കൂളുകളിലും ശനിയാഴ്ച ദിവസങ്ങളിൽ ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ കുട്ടികൾക്കായുള്ള ക്ലാസ്സിക് സിനിമകൾ പ്രദർശിപ്പിക്കാൻ ധാരണയായിരിക്കുന്നു. ഇതിനുവേണ്ടി സ്കൂളുകളിൽ എത്തുന്ന ചലച്ചിത്ര അക്കാദമി പ്രവർത്തകർക്ക് എല്ലാ സഹായങ്ങളും ലഭ്യമാക്കാൻ പ്രധാന അദ്ധ്യാപകരും മറ്റ് അദ്ധ്യാപകരും സഹകരിക്കണമെന്ന നിർദ്ദേശം നൽകുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ പ്രധാന അദ്ധ്യാപകർക്കും (ജില്ലാവിദ്യാഭ്യാസ ഓഫീസർ മുഖേന)

പുറത്തെഴുത്ത് നമ്പർ -ജെ6/11160/2017(2) തിയ്യതി 23.08.2017

മേൽ സർക്കുലറിന്റെ പകർപ്പ് എല്ലാ ജില്ലാ/ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും അറിവിലേക്കും തുടർ നടപടികൾക്കുമായി നൽകുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർ,തൃശ്ശൂർ